പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 8280

25/07/2012-ൽ മറുപടിയ്ക്ക്

**ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ പാരമ്പര്യ ജീവനക്കാരുടെ ആനുകൂല്യങ്ങൾ**

ചോദ്യം

ശ്രീ. കെ.വി. വിജയദാസ്

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി.

| ചോദ്യം | ഉത്തരം |
|---|---|
| (എ) ദേവസ്വം ബോർഡ് ക്ഷേത്രങ്ങളിലെ പാരമ്പര്യ ജീവനക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിലെ പാരമ്പര്യ ജീവനക്കാർക്ക് ശംബളം, ബോണസ്, അർഹതപ്പെട്ട വിഹിതം, മറ്റ് അലവൻസുകൾ തുടങ്ങിയവ പാരമ്പര്യേതര ജീവനക്കാർക്കു ലഭിക്കുന്നത് പോലെത്തന്നെ (ക്ഷേത്രത്തിൻെറ ഗ്രേഡു പരിഗണിച്ച്) ലഭിച്ചുവരുന്നുണ്ട്. എന്നാൽ 65 വയസ്സിൽ സർവ്വീസിൽ നിന്നും വിരമിക്കുന്നതിന് സമ്മത പത്രത്തോടെ ക്ഷേമനിധി അംഗമാകുന്ന പാരമ്പര്യ ജീവനക്കാർക്ക് മാത്രമേ പെൻഷൻ, ഗ്രാറ്റുറ്റി മുതലായ ആനുകൂല്യങ്ങൾ ലഭിക്കുകയുള്ളൂ. 65 വയസ്സിനു ശേഷവും ജോലി ചെയ്യാവുന്ന കാലത്തോളം തുടരുന്ന പാരമ്പര്യ ജീവനക്കാർക്ക് ക്ഷേമനിധിയിൽ നിന്നുള്ള പെൻഷൻ, ഗ്രാറ്റ്വിറ്റി എന്നീ ആനുകൂല്യങ്ങൾ ലഭിക്കാൻ അർഹതയില്ല. |
| (ബി) ഇവർക്ക് നാമമാത്രമായ ആനുകൂല്യങ്ങളാണ് നൽകിപ്പോരുന്നത് എന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) മലബാർ ദേവസ്വം ബോർഡിനു കീഴിലെ ക്ഷേത്ര ജീവനക്കാരുടെ കാര്യത്തിൽ സർക്കാർ പുറപ്പെടുവിക്കുന്ന ശംബള പരിഷ്കരണ ഉത്തരവിൽ പാരമ്പര്യം, പരാമ്പര്യേതരം എന്നീ വ്യത്യസ്തത പുലർത്തുന്നില്ല. സർക്കാർ ഉത്തരവിൽ ക്ഷേത്രത്തെ ഗ്രേഡുകളായും (സ്പെഷ്യൽ, എ, ബി, സി, ഡി) ഓരോ ഗ്രേഡിലും തസ്തികകളും ആയതിന് ശംബള സ്കെയിലും മാത്രമാണ് നിശ്ചയിച്ചിരിക്കുന്നത്. പാരമ്പര്യ ജീവനക്കാർക്ക് മരണം വരെ സേവനത്തിൽ തുടരാമെന്നും പാരമ്പര്യേതര ജീവനക്കാർക്ക് 65 വയസ്സിൽ സർവ്വീസിൽ നിന്ന് പരിയണം എന്നുമാണ് വ്യവസ്ഥ. |

| | | | |
|---|---|---|---|
| (സി) | ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി ബോർഡ് പിരിച്ചു വിട്ട നടപടി പുനഃപരിശോധിക്കുമോ; ആയത് പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | ക്ഷേത്ര ജീവനക്കാർക്കാരുടെ ക്ഷേമനിധി ബോർഡ് ജി.ഒ. (ആർ.ടി) നം. 5257/2011/ആർ.ഡി. തീയതി, 16/11/2011 പ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. ബോർഡ് ഇപ്പോൾ നിലവിലുണ്ട്. |
| (ഡി) | താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; ഇതിനായി എന്തെങ്കിലും മാനദണ്ഡങ്ങൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം നൽകുമോ ? | (ഡി) | മലബാർ ദേവസ്വം ബോർഡ് തീരുമാനം നമ്പർ (1) തീയതി 18/03/2010 പ്രകാരം 02/10/2008 –ന് മൂന്നു വർഷം തുടർച്ചയായി സർവ്വീസ് ഉണ്ടായിരിക്കുകയും സർവ്വീസിൽ തുടരുന്നതുമായ ജീവനക്കാരെ അംഗീകരിച്ചു നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഉത്തരവിൽ 12 മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇതേ വിഷയത്തിൽ മലബാർ ദേവസ്വം ബോർഡ് തീരുമാനം നമ്പർ (48) തീയതി 27/07/2010 പ്രകാരം ഒരു കോടിയിൽ കൂടുതൽ വാർഷിക വരുമാനം ലഭിക്കുന്ന ക്ഷേത്രങ്ങളിലെ താൽക്കാലിക ജീവനക്കാരെ തീരുമാനിക്കുകയുണ്ടായി. പിന്നീട് 29/09/2011 –ലെ തീരുമാനം നമ്പർ (68) പ്രകാരം അംഗീകൃത തസ്തികയിൽ 02/10/2008 –ന് മുൻപ് സേവനത്തിൽ വന്ന് തുടർന്ന് വരുന്ന താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ബോർഡ് തീരുമാനമെടുത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ